"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

പരേതനായ എൻ.ആർ. ബാലകൃഷ്ണന്റെ (PPO No. TCR 21704) മസ്റ്ററിംഗ് നടത്താത്ത കാലയളവിലെ പെൻഷൻ കുടിശ്ശിക നിയമപരമായ അവകാശികൾക്ക് ജീവകാല കുടിശ്ശികയായി (Life Time Arrears) അനുവദിക്കുന്നത് -ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C) No. 46322/2025 നമ്പർ കേസിലെ 07/10/2026 തീയതിയിലെ വിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (പെൻഷൻ -ബി) വകുപ്പ്

സ.ഉ.(സാധാ) നം.8962/2026/FIN തീയതി,തിരുവനന്തപുരം, 23-11-2026

പരാമർശം:-

1. ട്രഷറി ഡയറക്ടറുടെ 13/05/2024- ലെ TRY/105/2024-P1 നമ്പർ കത്ത്
2. 15/09/2025-ലെ PEN-B4/37/2024-FIN (2791208) നമ്പർ സർക്കാർ കത്ത്.
3. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C) No. 46322/2025 നമ്പർ കേസിലെ 07/10/2026 -ലെ വിധിന്യായം.

ഉത്തരവ്

ചേർപ്പ് സബ് ട്രഷറി മുഖേന പെൻഷൻ കൈപ്പറ്റി വന്നിരുന്ന പരേതനായ എൻആർ. ബാലകൃഷ്ണന്റെ (PPO No. TCR 21704) പെൻഷൻ, വാർഷിക മസ്റ്ററിംഗ് നടത്താത്തതിനാൽ 01/02/2018 മുതൽ തടഞ്ഞുവച്ചിരുന്നു. തുടർന്ന് പ്രായാധിക്യവും ഹൃദ്രോഗവും മൂലം ചികിത്സയിലിരിക്കെ 15/09/2020-ന് അദ്ദേഹം നിര്യാതനായി. മസ്റ്ററിംഗ് നടത്താതെ മരണപ്പെട്ടതിനാൽ 01/02/2018 മുതൽ 15/09/2020 വരെയുള്ള കാലയളവിലെ പെൻഷൻ കുടിശ്ശിക ജീവകാല കുടിശ്ശികയായി (Life Time Arrears) അനുവദിക്കണമെന്ന അദ്ദേഹത്തിന്റെ നിയമപരമായ അവകാശികളുടെ അപേക്ഷ , കുടിശിക തുക ₹5,40,848/- (അഞ്ചു ലക്ഷത്തി നാല്പതിനായിരത്തി എണ്ണൂറ്റി നാല്പത്തിയെട്ടു രൂപ മാത്രം) കണക്കാക്കിയ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് സഹിതം അനുമതിക്കായി ട്രഷറി ഡയറക്ടർ പരാമർ ശം (1) പ്രകാരം സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. അർഹത കൈവന്ന പെൻഷനോ,

പെൻഷൻ പരിഷ്കരണ കുടിശ്ശികയോ, ക്ഷാമാശ്വാസ കുടിശ്ശികയോ വാങ്ങാതെ പെൻഷണർ മരണപ്പെടുന്ന സാഹചര്യത്തിലാണ് അത് ജീവകാല കുടിശ്ശികയായി അവകാശികൾക്ക് അനുവദിക്കുന്നത്. മസ്റ്ററിംഗ് നടത്താതിരുന്നാൽ പെൻഷണർക്ക് പെൻഷനുള്ള അർഹത നഷ്ടപ്പെടുന്നതും പെൻഷണർ മരണപ്പെടുന്ന പക്ഷം പെൻഷണർക്ക് അർഹത കൈവരാത്ത ടി തുക ജീവകാലകുടിശ്ശികയായി അവകാശികൾക്ക് അനുവദിക്കാൻ കഴിയാത്തതുമാണ് എന്ന് ചൂണ്ടിക്കാട്ടി പരാമർശം (2) പ്രകാരം സർക്കാർ ടി അപേക്ഷ നിരസിച്ചിരുന്നതാണ്.

2 . പ്രസ്തുത സർക്കാർ തീരുമാനത്തെ ചോദ്യം ചെയ്ത കൊണ്ട് പരേതന്റെ മക്കളും നിയമാനുസൃത അവകാശികളുമായ ശ്രീമതി രാഗിണി എൻ.ബി, ശ്രീ. രാമചന്ദ്രൻ എൻ.ബി, ശ്രീ. ശിവദാസ് എൻ.ബി എന്നിവർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുൻപാകെ WP(C) No. 46322/2025 നമ്പർ റിട്ട് ഹർജി ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പരാമർശം 3 പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ, പെൻഷണർ 15/09/2020-ലാണ് മരണപ്പെട്ടതെന്ന വസ്തുത തർക്കരഹിതമായി നിലനിൽക്കെ, കേരള ട്രഷറി കോഡിലെ വ്യവസ്ഥകൾ പ്രകാരം മസ്റ്ററിംഗ് നടത്തുന്നതിലോ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിലോ ഉണ്ടായ സാങ്കേതികമായ വീഴ്ച പെൻഷൻ നിഷേധിക്കുന്നതിനുള്ള സാധുവായ കാരണമായി കണക്കാക്കാനാവില്ലെന്ന് നിരീക്ഷിക്കുകയും പരേതനായ ശ്രീ. എൻ.ആർ. ബാലകൃഷ്ണന് 01/02/2018 മുതൽ 15/09/2020 വരെയുള്ള കാലയളവിൽ ലഭിക്കേണ്ടിയിരുന്ന പെൻഷൻ കുടിശ്ശിക, വിധിന്യായത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിച്ച് മൂന്ന് മാസത്തിനകം ഹർജിക്കാർക്ക് കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട എതിർകക്ഷികൾ നടപടി സ്വീകരിക്കണമെന്ന് ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്.

3 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരാമർശം 3 -ലെ വിധിന്യായം നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ, വിധിന്യായത്തിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട്, പരേതനായ എൻ. ആർ. ബാലകൃഷ്ണന് (PPO No. TCR 21704) 01/02/2018 മുതൽ മരണത്തീയതിയായ 15/09/2020 വരെയുള്ള കാലയളവിൽ അർഹതപ്പെട്ടതായി പരാമർശം (1) പ്രകാരം കണക്കാക്കിയിരിക്കുന്ന പെൻഷൻ കുടിശ്ശിക, ₹5,40,848/- (അഞ്ചു ലക്ഷത്തി നാല്പതിനായിരത്തി എണ്ണൂറ്റി നാല്പത്തിയെട്ടു രൂപ മാത്രം) നിയമാനുസൃത അവകാശികൾക്ക് ജീവകാല കുടിശ്ശികയായി (Life Time Arrears) അനുവദിച്ചു കൊണ്ടും ഒറ്റത്തവണയായി വിതരണം ചെയ്യാൻ ട്രഷറി ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. പ്രസ്തുത തുകയുടെ കൃത്യത ട്രഷറി ഡയറക്ടർ

ഉറപ്പുവരുത്തേണ്ടതാണ്. ഇതോടെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 07/10/2026-ലെ WP(C) No. 46322/2025 വിധിന്യായം പാലിക്കപ്പെട്ടിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYASANKAR K G

അഡിഷണൽ സെക്രട്ടറി

പകർപ്പ് :-

1.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) ,കേരളം ,തിരുവനന്തപുരം

2.അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് -II) ,കേരളം ,തിരുവനന്തപുരം

3. അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം

4.ഡയറക്ടർ ,ട്രഷറി ഡയറക്ടറേറ്റ്,പട്ടം,പട്ടം പാലസ് പി.ഓ ,തിരുവനന്തപുരം

5. ശ്രീമതി രാഗിണി എൻ.ബി, നാരങ്ങാലിൽ വീട്, ചേർപ്പ്, പടിഞ്ഞാട്ടുമുറി പി.ഒ, തൃശ്ശൂർ - 680562.

6. ശ്രീ. രാമചന്ദ്രൻ എൻ.ബി, നാരങ്ങാലിൽവീട്, ചേർപ്പ്, പടിഞ്ഞാട്ടുമുറി പി.ഒ, തൃശ്ശൂർ - 680562.

7. ശ്രീ. ശിവദാസ് എൻ.ബി, നാരങ്ങാലിൽ വീട്, ചേർപ്പ്, പടിഞ്ഞാട്ടുമുറി പി.ഒ, തൃശ്ശൂർ - 680562.

8.നോഡൽ ഓഫീസർ www.finance.kerala.gov.in

9.സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (ഇ-2791208)

ഉത്തരവിൻ പ്രകാരം

Digitally signed by Sujeev S J
Date: 23-11-2026 13:25:55

സെക്ഷൻ ഓഫീസർ